**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ വഴിയുള്ള ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്രയാളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിയിൽ 8,65,063 ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്ര തുക സഹകരണ സംഘങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും പലിശ, പിഴപലിശ എന്നിവ ഒഴിവാക്കിയതിലൂടെ സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന തുകയിൽ എത്ര രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | സംഘങ്ങൾക്ക് പ്രസ്തുത കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ 25,13,853.46 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കിയതിലൂടെ 2,86,821.98 ലക്ഷം രൂപയുടെ കുറവ് വന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. 2025 ഫെബ്രുവരി 28 വരെയാണ് നിലവിലെ കുടിശ്ശിക നിവാരണ പദ്ധതിയുടെ കാലാവധി. |

സെക്ഷൻ ഓഫീസർ